## കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപറേഷൻ (കെക്സ്കോൺ)

### പുനരധിവാസ പദ്ധതിപ്രകാരം കെക്സ്കോൺ ക്ലയന്റിനുവേണ്ടി നടത്തുന്ന വിമുക്തഭടന്മാരുടെ സ്ക്രീനിങ് -വിന്യാസ വ്യവസ്ഥാനയം

### ആമുഖം

1.കെക്സ്കോണിൽ നിന്നും ലഭിച്ചിട്ടുള്ള സാധുവായ രജിസ്ട്രേഷൻ നമ്പർ കൈവശമുള്ള വിമുക്തഭടന്മാരെയും (ഇ എസ് എം) അവരുടെ ആശ്രിതരെയും മാത്രമേ ഈ കോർപ്പറേഷനുമായി ബന്ധപ്പെട്ടിട്ടുള്ള വിവിധ ക്ലയന്റുകൾ (തല്പരരായ സ്ഥാപനങ്ങൾ)ക്കായി (അതായത് പ്രിൻസിപ്പൽ എംപ്ലോയർ,PE), ദൈനംദിന വേതനത്തിൽ അല്ലെങ്കിൽ മറ്റേതെങ്കിലും പുനരധിവാസ വിന്യാസത്തിനായി പരിഗണിക്കുകയുള്ളൂ. ക്ലയന്റുകൾ അവരുടെ പ്രവർത്തന ആവശ്യകതകൾക്കായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമ്പോഴാണ് വിമുക്തഭടനെ (ഇഎസ്എം) വിന്യസിക്കുന്നത്. വിന്യാസത്തിന് മുമ്പായി ടിയാളെ സ്ക്രീനിംഗ് നടത്തുമ്പോൾ ക്ലയന്റുകൾ നിശ്ചയിച്ചിട്ടുള്ള ഗുണപരമായ ആവശ്യകതകൾ (QR) കണക്കിലെടുക്കുന്നു. വിന്യാസത്തിനായി വിമുക്തഭടനെ തിരഞ്ഞെടുക്കു ന്നതിനുള്ള സ്ക്രീനിംഗ് നടത്തുന്നതിനായി എല്ലാ വർഷവും ജനുവരി ഒന്നിന് പ്രസിദ്ധീകരിക്കുന്ന ജില്ല തിരിച്ചുള്ള വാർഷിക റാങ്ക് ലിസ്റ്റ്(എആർഎൽ) അടിസ്ഥാനമാക്കുന്നു. വിമുക്തഭടനെ തിരഞ്ഞെടുക്കുന്നതിനുള്ള സ്ക്രീനിംഗ് ക്ലയന്റുകൾ നിർദ്ദേശിച്ചിട്ടുള്ള ഗുണഗണങ്ങൾ (QR) എആർഎല്ലിൽ വിമുക്തഭടൻ പ്രകടിപ്പിച്ചിട്ടുള്ള ഓപ്ഷനുകൾ എന്നിവ അനുസരിച്ചു ഒഴിവുള്ള പോസ്റ്റിനായി അവരുടെ 'വില്ലിംഗ്നെസ്' അല്ലെങ്കിൽ 'അൺവില്ലിംഗ്നെസ്' ('സമ്മതം' അല്ലെങ്കിൽ 'സമ്മതമല്ല') എന്നറിയിക്കുവാൻ ആവശ്യപ്പെടുന്നു. ആവശ്യമായ QR ഉള്ള വിമുക്തഭടൻ ARLല്ലിൽ ലഭ്യമല്ലെങ്കിൽ, വെബ്സൈറ്റിൽ പ്രത്യേക അറിയിപ്പ് പ്രസിദ്ധീകരിച്ചു സന്നദ്ധരായ മറ്റുള്ളവരെ കണ്ടെത്തി സ്ക്രീനിംഗ് നടത്തുന്നു. വിന്യാസം നടത്തുന്നതിനുള്ള നയങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ പ്രതിപാദിച്ചിരിക്കുന്നു.

### ആശയവിനിമയ രീതി

2. ഓരോ ജില്ലയിലെയും തൊഴിലവസരങ്ങൾ നിലവിലുള്ള എആർഎല്ലിലെ മുൻഗണനപ്രകാരം വിമുക്തഭടന് അവരുടെ സീനിയോറിറ്റി അനുസരിച്ച്, കെക്സ്കോണിന്റെ ഇമെയിൽ ഐഡിയിൽ നിന്ന് കെക്സ്കോണിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഇ-മെയിൽ ഐഡികളിലേക്കും, തുടർന്ന് ഇ-മെയിൽ ശ്രദ്ധയിൽപ്പെടുത്തുവാനായി രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പറിലേക്കും വിളിച്ചു അറിയിക്കുകയോ സന്ദേശമയക്കുകയോ ചെയ്യും. ഈ

ആവശ്യത്തിനായി കെക്സ്കോൺ kexconjobs.project@gmail.com എന്ന പ്രത്യേക ഇമെയിൽ ഐഡി ഉണ്ടാക്കി യിട്ടുണ്ട്. ഇതിൽ കൂടി ജോലിക്കുള്ള അപേക്ഷയിൽ നൽകിയ രജിസ്റ്റർ ചെയ്ത ഇ-മെയിൽ വിലാസം വഴി വിമുക്തഭടന് അവരുടെ ഓപ്ഷൻ (*അതായത്, 'സമ്മതം' അല്ലെങ്കിൽ 'സമ്മതമല്ല'* എന്ന്) അറിയിക്കുകയോ അല്ലെങ്കിൽ പ്രതികരിക്കാതിരിക്കുകയോ ചെയ്യാം. മറ്റുള്ള ആവശ്യങ്ങൾക്കായി ഈ ഇമെയിൽ ഉപയോഗിക്കേണ്ടതല്ല. ഇതിനായി ടെക്സ്റ്റ് സന്ദേശങ്ങൾ / വാട്സ്അപ്പ് ഫേസ്ബുക്ക് മുതലായ മറ്റ് ആപ്ലിക്കേഷനുകൾക്ക് സമാനമായ ഇ-മെയിൽ ഐഡിയുടെ ലഭ്യത നിലവിലുള്ള എആർഎല്ലിൽ പേരുള്ള വിമുക്തഭടന്മാർ ഉറപ്പാക്കേണ്ടതാണ്.

**<u>തിരഞ്ഞെടുക്കൽ / സ്ക്രീനിംഗ് പ്രക്രിയ</u>**

3. വിമുക്തഭടന്മാരെ തിരഞ്ഞെടുക്കുന്നതിനുള്ള സ്ക്രീനിംഗ് നടത്തുന്നത് തല്പരരായ സ്ഥാപനങ്ങളുടെ ക്യുആർ, പ്രചാരത്തിലുള്ള നയങ്ങൾ, താഴെ (എ), (ബി) യിൽ കൊടുത്തിട്ടുള്ള പ്രാഥമിക മാനദണ്ഡങ്ങൾ എന്നിവ അടിസ്ഥാനമാക്കിയായിരിക്കും. മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ പാലിക്കാത്ത വരെ ആവശ്യാനുസരണം താഴെ ഖണ്ഡിക (സി) മുതൽ (ജെ) വരെ വിശദമാക്കിയിരിക്കുന്ന മാനദണ്ഡമനുസരിച്ച് പരിശോധനാ വിധേയമാക്കും.

(എ) ജില്ല തിരിച്ചുള്ള വാർഷിക റാങ്ക് പട്ടിക (ARL) - പ്രാഥമിക പട്ടിക

(ബി) ജില്ല തിരിച്ചുള്ള വാർഷിക റാങ്ക് പട്ടിക (ARL) - അനുബന്ധ പട്ടിക

(സി) പ്രത്യേക വിഭാഗം / നിപുണത അനുസരിച്ചുള്ള വിന്യസിക്കൽ

(ഡി) സന്നദ്ധപ്രവർത്തകർ (ജില്ല തിരിച്ചുള്ള വാർഷിക റാങ്ക് പട്ടികയിൽ നിന്ന്)

(ഇ) അനുകമ്പ/ചികിത്സാ സംബന്ധമായ പരിഗണന അർഹിക്കുന്നവർ

(എഫ്) താഴ്ന്ന വേതനത്തിൽ ജോലി ചെയ്തിട്ടുള്ളവരും സ്വന്തം ജില്ലയ്ക്ക് പുറത്തുള്ള സ്ഥലങ്ങളിൽ ജോലി ചെയ്തവരും ആയ വിമുക്തഭടന്മാരുടെ വിന്യാസം-പ്രോത്സാഹനം എന്നനിലയിൽ സ്വന്തം ജില്ലയിലെ ഒഴിവിലേയ്ക്ക് പരിഗണന അർഹിക്കുന്നവർ

(ജി) പ്രധാന തൊഴിലുടമയുടെ താൽപ്പര്യ പ്രകാരമുള്ള വിന്യാസം

(എച്ച്) സ്വന്തം പ്രശ്നങ്ങൾ അല്ലാത്ത കാരണത്താൽ ജോലി നഷ്ടപ്പെട്ട വിമുക്തഭടന്മാരുടെ വിന്യാസം

(i) ആദ്യമായി കെക്സോണിൽ നിന്ന് സുരക്ഷാ സേവനം തേടുന്ന സ്ഥാപനങ്ങളിൽ നിലവിൽ സുരക്ഷാ ജോലിയിൽ നിയമിതരായിട്ടുള്ള വിമുക്തഭടന്മാരുടെ പരിരക്ഷ

(ജെ) മാനേജ്മെന്റിന്റെ വിവേചനത്തിൻ പ്രകാരമുള്ള വിന്യാസം

**ജില്ല തിരിച്ചുള്ള വാർഷിക റാങ്ക് പട്ടിക (ARL) - പ്രാഥമിക പട്ടികയും ദ്വിതീയ പട്ടികയും**

4. ഒഴിവുകൾ വരുന്ന മുറയ്ക്ക് വിമുക്തഭടന്മാരുടെ ഓപ്ഷൻ അറിയുന്നതിനായി ഓരോ ജില്ലയുടെയും എആർഎല്ലിലെ പട്ടികയിൽ നിലവിലുള്ള സീനിയോറിറ്റി അനുസരിച്ച് അവർ കെക്സ്കോണിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഇ-മെയിൽ വഴി ഒഴിവുകൾ അറിയിക്കുകയും അവരുടെ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പർ വഴി ഇ-മെയി ലിലെയ്ക്ക് ശ്രദ്ധക്ഷണിക്കുകയും തുടർന്ന് ടി ഒഴിവിലേക്കുള്ള ക്യുആർ ഉൾപ്പെടെയുള്ള എല്ലാ വിശദാംശങ്ങളും ഉൾക്കൊള്ളുന്ന ഒരു കത്ത് കെക്സ്കോണിന്റെ ഇമെയിൽ ഐഡിയിൽ നിന്ന് അയക്കുകയും ചെയ്യും. ക്യുആർ, തസ്തിക (കൾ), സ്ഥാപനം, വേതനം ഉൾപ്പെടെയുള്ള എല്ലാ വിശദാംശങ്ങളും ഇ- മെയിലിൽ ഉണ്ടാകും. വിമുക്തഭടന് അവരുടെ ഓപ്ഷൻ (അതായത്, *'സമ്മതം' അല്ലെങ്കിൽ 'സമ്മതമല്ല'* എന്ന്) അറിയിക്കുകയോ അല്ലെങ്കിൽ പ്രതികരിക്കാതിരിക്കുകയോ ചെയ്യാം. ഓപ്ഷൻ സമർപ്പിക്കാനുള്ള സമയ പരിധി PE പ്രതീക്ഷിക്കുന്ന വിന്യാസത്തിന്റെ അടിയന്തിരതയ്ക്ക് അനുസരിച്ച് പരമാവധി 12 മണിക്കൂർ ആയിരിക്കും. *'സമ്മതം' അല്ലെങ്കിൽ 'സമ്മതമല്ല'* എന്ന ഓപ്ഷൻ ഒരു വിമുക്തഭടന് ഒരു വർഷത്തിൽ പരമാവധി മൂന്ന് തവണ പ്രയോഗിക്കാൻ കഴിയും. എന്നാൽ മുഴുവൻ ലിസ്റ്റിലുള്ളവരെയും (പ്രാഥമിക ലിസ്റ്റ് അടക്കം) രണ്ടുതവണ പരിഗണിച്ചതിനുശേഷം മാത്രമേ ഓപ്ഷനുകൾ പ്രയോഗിക്കാനുള്ള മൂന്നാമത്തെ അവസരം ലഭിക്കുകയുള്ളു. എന്നിരുന്നാലും, ഒഴിവുകൾ അറിയിക്കുന്ന മുറയ്ക്ക് പുനരധിവസിക്ക പ്പെടുന്നതുവരെ ഒരാൾക്ക് ഇ-മെയിൽ വഴി എത്ര തവണ വേണമെങ്കിലും *'സമ്മതം'* എന്ന ഓപ്ഷൻ പ്രയോഗിക്കാൻ കഴിയും. തന്റെ ഓപ്ഷനുകൾ തന്നിരിക്കുന്ന സമയപരിധി ക്കുള്ളിൽ ഒരാൾ ഉപയോഗിക്കാത്തപക്ഷം അത് 'പ്രതികരിക്കുന്നില്ല 'എന്ന് കണക്കാക്കുകയും 'എൻആർ' ആയി നിലനിർത്തുകയും ചെയ്യുന്നു. ആയതു 'പ്രതികരിക്കുന്നില്ല' എന്നതിന് തുല്യമായി പരിഗണിക്കപ്പെടും.

തിരഞ്ഞെടുക്കപ്പെട്ട വിമുക്തഭടന്മാരെ ഡോക്യുമെന്റേഷനും അഭിമുഖത്തിനും ഹാജരാകുന്നതിനും ആവശ്യമായ രേഖകൾ സഹിതം കെക്സ്കോണിൽ റിപ്പോ ർട്ട് ചെയ്യുന്നതിനുമായി ടെലിഫോൺ വഴിയും ഇമെയിൽ വഴിയും അറിയിക്കുന്നു. ടി യാൾ അപ്രകാരം വിന്യാസത്തിനായി ഹാജരാകാത്ത പക്ഷം ആയതിനു മതിയായ കാരണം ഫോണിലൂടെയും തുടർന്ന് തപാലിലൊ നേരിട്ടോയുള്ള കത്ത് മുഖേനയോ കെക്സ്കോണിൽ ബോധിപ്പിച്ചില്ലെങ്കിൽ ടി യാനെ ബാക്കിയുള്ള വർഷം മുഴുവനും സ്ക്രീനിംഗിനായി പരിഗണിക്കില്ല. അതുപോലെ, തിരഞ്ഞെടുത്ത വിമുക്തഭടൻ കെക്സ്കോൺ പുറപ്പെടുവിച്ച ഉത്തരവിനൊ പ്പം അതിൽ പറഞ്ഞിരിക്കുന്ന തീയതിക്ക് നിയമിക്കപ്പെട്ട സ്ഥാപനത്തിലോ അവരുടെ ഡ്യൂട്ടിസ്ഥലത്തോ റിപ്പോർട്ടു ചെയ്യാതിരുന്നാൽ ആവീഴ്ചയ്ക്ക് മതിയായ കാരണം ഫോണിലൂടെയും തുടർന്ന് തപാലിലൊ നേരിട്ടോയുള്ള കത്ത് മുഖേനയോ കെക്സ്കോണിൽ

ബോധിപ്പിച്ചില്ലെങ്കിൽ ടി യാനെ ബാക്കിയുള്ള വർഷം മുഴുവനും സ്ക്രീനിംഗിനായി പരിഗണിക്കില്ല.

5. വാർഷിക റാങ്ക്പട്ടിക പുതുതായി രജിസ്റ്റർ ചെയ്തവരും (എക്സ്) കെഎസ്കോൺ മുഖേന മുൻപ് സേവനമനുഷ്ഠിച്ചിട്ടുള്ളവരും നിലവിൽ സേവനം അനുഷ്ഠിക്കുന്നവരും (വൈ) ചേർന്നതായിരിക്കും. നിലവിലെ നയ പ്രകാരം (എക്സ്) (വൈ) ഗ്രൂപ്പുകളുടെ നിയമനം 2: 1 എന്ന അനുപാത ത്തിൽ നടത്തുന്നു.

6. **<u>സുരക്ഷാ ഉദ്യോഗസ്ഥരെയും സുരക്ഷാ സൂപ്പർവൈസർമാരെയും തിരഞ്ഞെ ടുക്കൽ</u>**.

വിരമിച്ച സുബേദാർ/സുബേദാർ മേജർ/ ഹോണറേറി ലെഫ്റ്റനന്റ് /ക്യാപ്ടൻ/ അല്ലെങ്കിൽ തത്തുല്യമായവരെ സെക്യൂരിറ്റി ഓഫീസർ (എസ്ഒ) പദവിയിലെക്കും, നായിബ് സുബേദാർ അടക്കം മുൻ പറഞ്ഞ മറ്റ് ജെസിഒ അല്ലെങ്കിൽ തത്തുല്യമായവരെ സെക്യൂരിറ്റി സൂപ്പർവൈസർ പദവിയിലെക്കും പരിഗണിക്കും. എസ്ഒ, സൂപ്പർവൈസർ എന്നിവരെ തിരഞ്ഞെടുക്കുന്നതിന് ഇതുവരെയുണ്ടായിരുന്നതുപോലെയുള്ള അഭിമുഖങ്ങളും രേഖാ മൂലമുള്ള പരിശോധനകളും നടത്തി ചുരുങ്ങിയത് 5 ജെസിഒ-മാരുടെയെങ്കിലും ഒരു പാനൽ സ്ക്രീൻ ചെയ്യും. ഒരു സെക്യൂരിറ്റി ഗാർഡിനെ (മുൻ ജെസിഒ) അതേ സ്ഥാപനത്തിന്റെ 'സൂപ്പർവൈസറുടെ' ഉയർന്ന ഗ്രേഡിലേക്ക് സ്ഥാനക്കയറ്റം നൽകുന്നത് ബന്ധപ്പെട്ട പ്രിൻസിപ്പൽ എംപ്ലോയറുടെ മുൻകൂർ രേഖാമൂലമുള്ള അനുമതിയില്ലാതെ പരിഗണിക്കപ്പെടുന്നതല്ല.

<u>പ്രത്യേക വിഭാഗത്തിന്റെ വിന്യാസം</u>

7. ജോലിയുടെയും പദവിയുടെയും സ്വഭാവം കണക്കിലെടുത്തു ട്രോളി റിട്രീവർ, ട്രാഫിക് വാർഡൻ, പേ & പാർക്ക് ഓപ്പറേറ്റർ തുടങ്ങിയ ചില പ്രത്യേക കാറ്റഗറി തസ്തികകൾ സ്വീകരിക്കുന്നതിന് മിക്ക വിമുക്തഭടനും പലപ്പോഴും താൽപ്പര്യമില്ലെന്ന് അനുഭവമുണ്ട്. അതിനാൽ, പ്രത്യേക കാറ്റഗറി തസ്തിക കളുടെ ഒഴിവുകൾ നികത്തുന്നതിനു റാങ്ക്ലിസ്റ്റിലെ സീനിയോറിറ്റി കർശനമായിരിയ്ക്കുന്നതല്ല. എന്നാൽ പ്രാഥമിക പട്ടികയിൽ നിന്നോ സപ്ലിമെന്ററി ലിസ്റ്റിൽ നിന്നോ അല്ലെങ്കിൽ കെക്സ്കോണിൽ രജിസ്റ്റർ ചെയ്ത മറ്റുള്ളവരിൽ നിന്നോ സന്നദ്ധസേവകരായ വിമുക്തഭടനെ ഫസ്റ്റ്-കം-ഫസ്റ്റ്-സെർവിഡ് (ആദ്യം വരുന്നയാൾക്കു ആദ്യം സേവനം) എന്ന പരിഗണന നൽകും.

<u>സന്നദ്ധപ്രവർത്തകർ (ജില്ലാ തിരിച്ചുള്ള വാർഷിക സീനിയോറിറ്റി പട്ടികയിൽ നിന്ന്)</u>

8. പ്രാഥമിക, ദ്വിതീയ ലിസ്റ്റുകൾ തീർന്നു കഴിഞ്ഞാൽ, കെക്സ്കോണിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിമുക്തഭടന്മാരിൽ നിന്ന് സന്നദ്ധത ക്ഷണിക്കുന്ന ഒരു പരസ്യം കെക്സ്കോൺ വെബ്സൈറ്റിൽ പ്രദർശിപ്പിക്കും. അത്തരം സാഹചര്യങ്ങളിൽ,

ഫസ്റ്റ്-കം-ഫസ്റ്റ്-സെർവിഡ് (ആദ്യം വരുന്നയാൾക്കു ആദ്യം സേവനം) എന്ന അടിസ്ഥാനത്തിൽ സ്ക്രീനിംഗിനായി വോളണ്ടിയർ വിമുക്തഭടൻമാരെ പരിഗണിക്കും.

<u>**അനുകമ്പ /ചികിത്സാസംബന്ധമായ പരിഗണന അർഹിക്കുന്നവർ**</u>

9. 'പ്രകൃതിദുരന്ത / ദുരന്ത' ബാധിതരായ വിമുക്തഭടൻമാരിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ അനുകമ്പാപരമായ കാരണങ്ങളാൽ പ്രത്യേക (ഔട്ട്-ഓഫ്-ടേൺ) വിന്യാസത്തിനായി പരിഗണിക്കുന്നു. കൂടാതെ വിമുക്തഭടനെ അല്ലെങ്കിൽ ആശ്രിതരെ സംബന്ധിച്ച് ഇനിപ്പറയുന്ന ഗുരുതരമായ രോഗ/ചികിത്സാ സ്വഭാവമുള്ള അപേക്ഷകളും അവർ ചികിത്സയിലാണെങ്കിൽ പ്രത്യേക (ഔട്ട് -ഓഫ്-ടേൺ) വിന്യാസത്തിനായി പരിഗണിക്കുന്നു.

(എ) ക്യാൻസർ കേസുകൾ.

(ബി) സൈക്യാട്രിക് കേസുകൾ - 40% മുകളിൽ *

(സി) വ്യത്യസ്ത കഴിവുള്ള കേസുകൾ - 40% മുകളിൽ *

(d) **പാരാപ്ലേജിക് കേസുകൾ**

10. മേല്പറഞ്ഞ അപേക്ഷകൾക്കൊപ്പം ബന്ധപ്പെട്ട അധികാരികൾ സാക്ഷ്യപ്പെടുത്തിയിട്ടുള്ള രേഖകൾ/ സർട്ടിഫിക്കറ്റുകൾ എന്നിവ കൂടി ഹാജരാക്കുന്നത് തുടർ നടപടികൾക്ക് സഹായകമായിരിക്കും. മെഡിക്കൽ അടിസ്ഥാനത്തിലുള്ള അപേക്ഷകൾക്കൊപ്പം അംഗീകൃത ആശുപത്രികളിൽ നിന്നുള്ള ഏറ്റവും പുതിയ മെഡിക്കൽ രേഖകളും ഡിപെൻഡന്റ് (ആശ്രിതർ) എന്ന് തെളിയിക്കാനുതകുന്ന രേഖയായ PPO/പെൻഷൻ ബുക്ക് /ഡിസ്ചാർജ് ബുക്ക് /ECHS കാർഡ് /ക്യാന്റീൻ കാർഡ് /ജില്ലാ സൈനിക വെൽഫെയർ ബോർഡ് നൽകുന്ന ആശ്രിതർക്കുള്ള കാർഡ് എന്നിവ ഏതിന്റെയെങ്കിലും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും ഇതൊന്നുമി ല്ലെങ്കിൽ ഏതെങ്കിലും പ്രാദേശിക സർക്കാർ അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റും (ഗ്രാമ പഞ്ചായത്ത്, വില്ലേജ് ഓഫീസർ, തഹസിൽദാർ തുടങ്ങിയവ) ഉണ്ടായിരിക്കണം. വിന്യാസം കെക്സ് കോണിലെ ഉചിതമായ അധികാരികളുടെ അംഗീകാരത്തിനും ഒഴിവുകളുടെ ലഭ്യതയ്ക്കും വിധേയ മായിരിക്കും. ഏതെങ്കിലും പ്രത്യേക സ്ഥാപനത്തിലെ വിന്യാസത്തിനായി അപേക്ഷയിൽ പരാമർശിച്ചിട്ടുണ്ടെങ്കിൽ, അത് പ്രോസസ്സിംഗിൽ പരിഗണിക്കു ന്നതല്ല.

<u>**ഒരു പ്രചോദനാത്മക ഘടകം എന്ന നിലയിൽ കുറഞ്ഞ വേതന തസ്തികയിൽ പ്രവർത്തിച്ച വിമുക്തഭടനെ ഉയർന്ന വേതന തസ്തികകളിലേയ്ക്കുള്ള വിന്യാസം അല്ലെങ്കിൽ സ്വന്തം ജില്ലയ്ക്ക്പുറത്തു ജോലി ചെയ്തവരെ സ്വന്തം ജില്ലയിലേയ്ക്കുള്ള വിന്യാസം**</u>

11. ജോലിയുടെയും പദവിയുടെയും സ്വഭാവ കാരണങ്ങളാൽ മിക്ക വിമുക്തഭടനും ഇനിപ്പറയുന്ന തരത്തിലുള്ള പോസ്റ്റുകൾ സ്വീകരിക്കുന്നതിന് പലപ്പോഴും താൽപ്പര്യമില്ലെന്ന് അനുഭവപ്പെട്ടിട്ടുണ്ട്. എന്നാൽ നിലവിലുള്ള സർക്കാർ

ഉത്തരവുകൾക്കനുസൃതമായി പിഇകളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനായി വിമുക്തഭടരെ വിന്യസിക്കാൻ കോർപ്പറേഷൻ നിർബന്ധിതരാകുന്നു.

(എ) ലോവർ വേജസ് പോസ്റ്റുകൾ (അതായത്, ഒരു ഡ്യൂട്ടിക്ക് 650 രൂപയിൽ താഴെ, ഇപിഎഫ് ഉൾപ്പെടെ), ഉദാ. എംസിഎച്ച് തിരുവനന്തപുരം, ആർസിസി, കെഎസ്ആർടിസി, എയർ കാർഗോ തുടങ്ങിയവ.

(ബി) ട്രോളി റിട്രീവർ, ട്രാഫിക് വാർഡൻ, പേ & പാർക്ക് ഓപ്പറേറ്റർ തുടങ്ങിയ പ്രത്യേക കാറ്റഗറി പോസ്റ്റുകൾ.

12. വിവിധ സ്ഥാപനങ്ങളിലെ വിമുക്തഭടന്മാരുടെ ഒഴിവുകൾ നികത്താ നായി ഒരു പ്രചോദനാത്മകഘടകം എന്ന നിലയിൽ, ഇനിപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി, പൊതു പോസ്റ്റുകൾക്കൊപ്പം പ്രത്യേക (ഔട്ട്- ഓഫ്-ടേൺ)വിന്യാസവും പരിഗണിക്കും.

(ബി) വിന്യാസ തീയതിയിൽ 56 വയസ്സ് പൂർത്തിയാകാൻ പാടില്ല എന്നതി നാൽ അപേക്ഷകനു(കർക്ക്) 55 ½ വയസ് കവിയാൻ പാടില്ല.

(സി) അച്ചടക്കപരമായ കാരണങ്ങളാൽ അപേക്ഷകരെ മുൻപ് വിന്യ സിച്ചിട്ടുള്ള സ്ഥാപനങ്ങളിൽനിന്നോ തസ്തികകളിൽനിന്നോ നീക്കം ചെയ്തത താകാൻ പാടില്ല.

(ഡി) അപേക്ഷകൾ സാധാരണ രീതിയിൽ തന്നെ പരിശോധിക്കുകയും അംഗീകൃത കേസുകൾ രേഖ പ്രത്യേക രജിസ്റ്റർ / പട്ടികയായി സൂക്ഷിക്കുകയും ചെയ്യും. വിന്യാസം സീനിയോറിറ്റി രജിസ്ട്രേഷൻ നമ്പറിന്പകരം ഫസ്റ്റ്-കം-ഫസ്റ്റ്-സെർവിഡ് (ആദ്യം വരുന്നയാൾക്കു ആദ്യം സേവനം) എന്ന അടിസ്ഥാനത്തിലായിരിക്കും.

(ഇ) അപേക്ഷകന് പകരക്കാരനായുള്ള വിമുക്തഭടനെ ലഭ്യമായ ശേഷമേ ടി യാളുടെ വിന്യാസം സാധ്യമാകുകയുള്ളൂ. അതിനാൽ, ഈ വ്യവസ്ഥ ഒരു അപേക്ഷകന്റെ അവകാശമെന്നല്ല മറിച്ചു അവർക്കു നൽകുന്ന, ഒരു ആനു കൂല്യം മാത്രമായിരിക്കും. ഒരു ജില്ലയിലെ എആർഎല്ലിൽ നിന്നും സന്നദ്ധരായ വിമുക്തഭടന്മാർ ലഭ്യമല്ലെങ്കിൽ, കെക്സ്കോണിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏതെ ങ്കിലും അപേക്ഷകനെ നിലവിലെ ഡ്യൂട്ടി സ്ഥലത്ത് വിന്യസിക്കുന്നതിനായി പരിഗണിക്കും.

**<u>പ്രധാന തൊഴിലുടമയുടെ താൽപ്പര്യ പ്രകാരമുള്ള വിന്യാസം</u>**

13. തൊഴിലുടമകളുടെ (PE) താൽപ്പര്യങ്ങൾ അവരുടെ പ്രവർത്തനപരമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഒരു പരിധിവരെ സംരക്ഷിക്കേണ്ടതുണ്ട്. അതിനാൽ, അവർ പ്രത്യേകമായി നിർദ്ദേശിക്കുന്ന വിമുക്തഭടനെ ARL ൽ ഉൾപ്പെട്ടതെങ്കിൽ അതിൽ നിന്നോ അല്ലെങ്കിൽ പട്ടികയ്ക്ക് പുറത്തു നിന്നു ള്ളയാൾ എന്ന നിലയിലോ പരിഗണിക്കപ്പെടും.

**<u>സ്വന്തം പ്രശ്നങ്ങൾ അല്ലാത്ത കാരണത്താൽ ജോലി നഷ്ടപ്പെട്ട വിമുക്ത ഭടന്മാരുടെ വിന്യാസം</u>**

14. വിവിധ സ്ഥാപനങ്ങളിൽ വിന്യസിച്ചിരിക്കുന്ന വിമുക്തഭടന് സ്വന്തം പ്രശ്നങ്ങൾ അല്ലാത്ത വിവിധ കാരണങ്ങളാൽ ചില സമയങ്ങളിൽ ജോലി നഷ്ടപ്പെടും, അതായത് എണ്ണം കുറയ്ക്കൽ, കരാർ അവസാനിപ്പിക്കൽ, പി.എസ്.സി/ എസ്.ഐ.എസ്.എഫ് വഴി സ്ഥിരം ഉദ്യോഗാർഥികളുടെ നിയമനം തുടങ്ങിയവ. അത്തരം സാഹചര്യങ്ങളിൽ, ഇനിപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ജോലി നഷ്ടപ്പെട്ട വിമുക്തഭടന്മാരുടെ വിന്യാസം പരിഗണിക്കപ്പെടും.

(എ) പ്രസ്തുത വിമുക്തഭടൻ (ഭടന്മാർ) മറ്റ്സ്ഥാപനങ്ങളിലെ വിന്യാസത്തിനുള്ള അപേക്ഷ വീണ്ടും സമർപ്പിച്ചിരിക്കണം.

(ബി) കെക്സ്കോണിന് കീഴിൽ ഒരു വർഷത്തിൽ താഴെ സേവനമനുഷ്ഠിക്കുകയും ടി യാന്റെ പ്രായം 551/2 വയസ്സിന് താഴെയുമാണെങ്കിൽ അവർക്കു പ്രത്യേക (ഔട്ട് ഓഫ് ടേൺ)/ എആർഎൽ വിന്യാസത്തിന് പരിഗണിക്കാൻ അർഹതയുണ്ടാകും.

(സി) ഒരു വർഷത്തിൽ കൂടുതൽ കെക്സ്കോണിന് കീഴിൽ സേവനമനുഷ്ഠിച്ചിട്ടുള്ള അപേക്ഷകർക്ക് ഖണ്ഡിക 11 (എ)), (ബി) എന്നിവയിൽ മാത്രം സൂചിപ്പിച്ചിരിക്കുന്നതുപോലെ ജോലി ലഭിക്കാം. ഈ വിഭാഗങ്ങളിൽ 6 മാസത്തെ സേവനം എങ്കിലും വിജയകരമായി പൂർത്തിയാക്കിയാൽ മാത്രമേ അവർക്ക് ഖണ്ഡിക 12 അനുസരിച്ച് പ്രത്യേക (ഔട്ട് ഓഫ് ടേൺ) വിന്യാസം നേടാനാകൂ.

(ഡി) വിന്യാസം ഒഴിവുകളുടെ ലഭ്യതയ്ക്ക് വിധേയമായിരിക്കും, അതിനാൽ, ഈ വ്യവസ്ഥ ഒരു അപേക്ഷകന്റെ അവകാശമെന്നല്ല മറിച്ച് അവർക്കു നൽകപ്പെടുന്ന ആനുകൂല്യം മാത്രമായിരിക്കും.

15. **<u>കെക്സ്കോൺ ആദ്യമായി ഒരു സേവനം നൽകുന്ന സ്ഥാപനങ്ങളിലെ വിമുക്തഭടൻമാരുടെ ജോലി സംരക്ഷണം</u>**

കെക്സ്കോൺ ആദ്യമായി ഒരു സ്ഥാപനത്തിന്റെ സുരക്ഷാ സേവനങ്ങൾ ഏറ്റെടുക്കുമ്പോൾ അവിടെ നിലവിൽ സുരക്ഷക്കായി നിയമിതരായിട്ടുള്ള വിമുക്തഭടന്മാരെ കെക്സ്കോൺ പോളിസികൾ പ്രകാരം വിരമിക്കലിനായി നിശ്ചയിച്ചിട്ടുള്ള പരമാവധി പ്രായ മാനദണ്ഡങ്ങൾ അനുസരിച്ച് ആ സ്ഥാപനം (പ്രിൻസിപ്പൽ എംപ്ലോയർ) അംഗീകരിക്കുന്നതിന് വിധേയമായി കെക്സ്കോൺ ടീമിന്റെ ഭാഗമായിജോലിയിൽ തുടരുവാൻ അനുവദിക്കും.

**<u>മാനേജ്മെന്റിന്റെ വിവേചനത്തിൻ പ്രകാരമുള്ള വിന്യാസം</u>**

16. മുകളിലെ ഖണ്ഡിക 3 ൽ സൂചിപ്പിച്ചിരിക്കുന്ന വിഭാഗങ്ങളിൽ പെടാത്തതും എന്നാൽ കോർപ്പറേഷന്റെ പ്രത്യേക ശ്രദ്ധ ആവശ്യമുള്ളതുമായ മറ്റേതെങ്കിലും കേസുകളുണ്ടാകാം. അത്തരം കേസുകൾ എന്തെങ്കിലുമുണ്ടെങ്കിൽ, അതിന്റെ യോഗ്യത കണക്കിലെടുത്ത് മാനേജ്മെന്റിന്റെ വിവേചനപ്രകാരം വിന്യാസം നടത്തും. എന്നാൽ ഇപ്രകാരമുള്ള വിന്യാസം ഒരു ഒരു വർഷം ഉണ്ടാകുന്ന ആകെ വിന്യാസത്തിന്റെ 2% ൽ കൂടുതൽ ഉണ്ടാകില്ല.

## ഉപസംഹാരം

17. 01/01/2021 മുതൽ പ്രാബല്യത്തിൽ വരുത്തുന്ന ഈ നയത്തിൽകൂടി കെക്സ്കോൺ മുഖേനയുള്ള വിമുക്തഭടന്മാരുടെ വിന്യാസത്തിൽ ഏകമാനവും സുതാര്യതയും കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്.

സ്ഥലം: തിരുവനന്തപുരം

തീയ്യതി: 01 മാർച്ച് 2021

(പി കെ സതീഷ് കുമാർ)

ലഫ്റ്റനന്റ് കേണൽ (റിട്ട.)

മാനേജിംഗ് ഡയറക്ടർ

വിതരണം:

പ്രോജക്ട് വിഭാഗം

എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം

വെബ് സൈറ്റ്